# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *181 — 18-12-2012 മറുപടിക്ക്

## എഡ്യൂ-ഹെൽത്ത് സിറ്റി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ദിവാകരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ജി.എസ്. ജയലാൽ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) എമർജിംഗ് കേരള സംഗമത്തിൽ എഡ്യൂ-ഹെൽത്ത് സിറ്റി പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിൽ എന്തെല്ലാമാണുൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവും മെന്റർ ഓഫ് കേരളയുമായ ശ്രീ.സാംപിത്രോദ സമർപ്പിച്ച പത്തിന പരിപാടിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് നോളഡ്ജ് സിറ്റിയും കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ ആഭിമുഖ്യത്തിൽ ലൈഫ് സയൻസ് പാർക്കും എറണാകുളത്ത് കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സയൻസ് സിറ്റിയും കോട്ടയത്ത് സ്വകാര്യ സംരംഭമായി നോളഡ്ജ് വില്ലേജും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എമർജിംഗ് കേരള സംഗമത്തിൽ ലഭിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യവകുപ്പിലും ഐടി വകുപ്പിലും ലഭിച്ചിട്ടുള്ള പദ്ധതികൾ പലതും നോളഡ്ജ് പാർക്ക് എന്ന ആശയം കൂടി ഉൾക്കൊള്ളുന്നതാണ്. കൂടാതെ മലപ്പുറത്ത് ഇൻകെലും കെ.എസ്.ഐ.ഡി.സി.യും ചേർന്നുള്ള എഡ്യൂ ഹെൽത്ത് സിറ്റി പ്രോജക്ടിന് വേണ്ടിയുള്ള നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള പദ്ധതി നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ സ്ഥലം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലം അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം വകുപ്പുകളുടെ കൈവശ | (ബി) തിരുവനന്തപുരത്തെ ലൈഫ്സയൻസ് പാർക്കിന് വേണ്ടി 50 ഏക്കറോളം ഭൂമി അക്വയർ ചെയ്തിട്ടുണ്ട്. നോളഡ്ജ്സിറ്റിക്ക് 150 ഏക്കറും, |

മിരുന്ന ഭൂമിയാണ് നൽകിയതെന്നും വ്യക്തമാക്കുമോ ; പ്രസ്തുത ഭൂമിയ്ക്ക് എന്തുവില വരുമെന്നു വ്യക്തമാക്കുമോ;

സയൻസ് സിറ്റിക്ക് 50 ഏക്കർ ഭൂമിയും നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മലപ്പുറംജില്ലയിലെ എഡ്യൂ-ഹെൽത്ത് സിറ്റി പ്രോജക്ടിന് വേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ വ്യവസായ വളർച്ച കേന്ദ്രത്തിനു വേണ്ടി ഏറ്റെടുത്ത 243.71 ഏക്കർ ഭൂമിയാണ് 12.9.2010 ൽ ഇൻകെലിനു കൈമാറിയത്. ഇതിൽ നിന്നും ഇപ്പോൾ 75 ഏക്കറോളം ഭൂമി കേന്ദ്രസർവകലാശാലയായ ഹൈദരാബാദിലെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സ്ഥാപിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലെ മുതൽമുടക്ക് എത്രയാണെന്നും മുതൽമുടക്കുന്നവർ ആരെല്ലാമാണെന്നും പ്രസ്തുത പദ്ധതി എവിടെയാണ് ആരംഭിക്കുന്നതെന്നും വ്യക്തമാക്കുമോ?

(സി) ലൈഫ് സയൻസ് പാർക്കിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജിയുടെ സഹായത്തോടെ ബയോടെക്നോളജി ഇൻകുബേഷൻ സെന്ററും കേന്ദ്ര സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ സഹായത്തോടെ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, ബയോമെഡിക്കൽ ഡിവൈസസ് ഹബ്ബും തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലപ്പുറത്തെ എഡ്യൂഹെൽത്ത് സിറ്റി ഇപ്പോൾ ആസൂത്രണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. പ്രാഥമിക മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി 73.81 കോടി രൂപയും, ഇതിലുള്ള പദ്ധതികൾ വികസിപ്പിക്കുന്നതിനു വേണ്ടി 2236 കോടി രൂപയും മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. നിക്ഷേപകർ ആരെല്ലാമാണെന്ന് ഇതുവരെ തീരുമാനമായിട്ടില്ല.

സെക്ഷൻ ഓഫീസർ

മലപ്പുറം ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന Edu Health City യിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളാണ് പ്രതീക്ഷിക്കുന്നത്.

A) <u>English and Foreign Language University</u> (EFLU):- Hyderabad ആസ്ഥാനമായ ഒരു യൂണിവേഴ്സിറ്റിയുടെ ഓഫ് കാംമ്പസ് ആണ് ഇത്. ഇതിനായി 75 ഏക്കർ സ്ഥലം നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. മറ്റ് നടപടിക്രമങ്ങൾ പുരോഗതിയിലാണ്.

B) <u>Skill Development Centre</u>:- സാങ്കേതികമായ വിദ്യാഭ്യാസയോഗ്യതയുള്ള ആളുകളെ തൊഴിലിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഒരു Skill Development Centre ആരംഭിച്ചിട്ടുണ്ട്. ഇത് കൂടുതൽ വിപുലപ്പെടുത്തുന്നതിനും അടുത്ത അദ്ധ്യായന വർഷത്തോടെ കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. NTTF (Netoor Technical Training Foundation) എന്ന സ്ഥാപനവുമായി ചർച്ചകൾ പുരോഗതിയിലാണ്.

C) <u>തുടർവിദ്യാഭ്യാസം</u>:- International School, Institute of Management, Institute of Technology, Institute of Science, Law School എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇവിടെ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ നടത്തിപ്പുമായ വിശദാംശങ്ങൾ Expression of Interest ലഭിച്ചതിന് ശേഷമേ തീരുമാനിക്കാൻ നിർവ്വാഹമുള്ളൂ.

D) <u>ആരോഗ്യ പരിപാലനം</u>:- എല്ലാവിധ ചികിത്സാ സംവിധാനങ്ങളോടുംകൂടിയ ഒരു Cancer Hospital ഇവിടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനോടനുബന്ധിച്ച് Nursing College, Diagnostic Centre, Pain & Paliative Care Unit എന്നീ അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കുന്നതാണ്.

E) <u>ചെറുകിട വ്യവസായം</u>:- ഈ മേഖലയ്ക്കായ് ഒരു പ്രത്യേക വിഭാഗം (10 മുതൽ 15 ഏക്കർ വരെ) ഇവിടെ മാറ്റിയിട്ടിട്ടുണ്ട്. ഇതിൽ 10000 ച:അടി വീതമുള്ള 5 വ്യവസായ ഷെഡ്ഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവയിൽ 4 എണ്ണം വ്യവസായികൾ ഏറ്റെടുത്ത് വ്യവസായം നടത്തിവരുന്നു. കൂടാതെ, കൂടുതൽ വ്യവസായ യൂണിറ്റുകൾക്ക് ഉതകുന്ന രീതിയിൽ ഷെഡ്ഡുകൾ നിർമ്മിച്ച് നൽകാൻ ഉദ്ദേശിക്കുന്നു.

F) <u>മറ്റ് സ്ഥാപനങ്ങൾ</u>:- മുകളിൽ വിവരിച്ചവ നിലവിൽ വരുമ്പോഴേക്കും അവയിലെ ജീവനക്കാർക്കാവശ്യമായ താമസ സൗകര്യത്തിനുവേണ്ടി Residential /Housing നും പദ്ധതിയുണ്ട്. കൂടാതെ, ഇതിന് ആനുപാതികമായി വ്യവസായ സ്ഥാപനങ്ങൾ, ഹോട്ടൽ സൗകര്യം, വാടകയ്ക്കുള്ള താമസ സൗകര്യങ്ങൾ, യാത്രാ സൗകര്യം എന്നിവകൂടി തരപ്പെടുത്തുന്നതാണ്.

Section Officer